# അപ്പെൻഡിക്സ് എച്ച് 4

ശ്രീ. നബീൽ.ടി, നേഴ്സിംഗ് ഓഫീസർ, താലൂക്ക് ആസ്ഥാന ആശുപത്രി, പട്ടാമ്പി, പാലക്കാട്-നെ അറിയിക്കുന്നത്. താങ്കളുടെ പേരിൽ 01.03.2022 തീയ്യതി ലഭ്യമായ അഡ്രസ്സിൽ നൽകിയ കാരണം കാണിക്കൽ നോട്ടിസ് കത്ത് നമ്പർ എ6/5254/2022 തീയ്യതി 01.08.2022 "1960ലെ കേരള സിവിൽ സർവ്വീസസ് (നിയന്ത്രണവും, തരം തിരിവും, അപ്പീലും) പ്രകാരം വിശദീകരണം സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുള്ളത് ". ആയത് പ്രകാരം താങ്കൾ വിശദീകരണം സമർപ്പിച്ചിരുന്നില്ല. ആയതിനാൽ, ഈ നോട്ടീസ് പ്രസിദ്ധപ്പെടുത്തി 15 ദിവസത്തിനകം താങ്കൾക്ക് വല്ലതും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. ഇപ്രകാരം ചെയ്തില്ലെങ്കിൽ താങ്കൾക്ക് ഒന്നും ബോധിപ്പിക്കാനില്ലെന്ന നിഗമനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. കാരണം കാണിക്കൽ നോട്ടീസിന്റെ പൂർണ്ണരൂപം നേരിട്ട് അപേക്ഷ നൽകി പാലക്കാട് ജില്ല മെഡിക്കൽ ഓഫീസറിൽ നിന്നും ഓഫീസ് പ്രവൃത്തി സമയത്ത് ശേഖരിക്കാവുന്നതോ അല്ലെങ്കിൽ താങ്കളുടെ അഡ്രസ്സിൽ നിശ്ചിത സമയപരിധിക്കുള്ളിൽ അയച്ചുതരുവാൻ അപേക്ഷിക്കുകയോ ചെയ്യാവുന്നതാണ്.

അച്ചടക്കനടപടി അധികാരിയുടെ തസ്തിക:
ജില്ല മെഡിക്കൽ ഓഫീസർ (ആ) പാലക്കാട്

**ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),**

പാലക്കാട്.

സ്വീകർത്താവ്
ശ്രീ. നബീൽ.ടി
തിയാട്ടിൽ,
ചെറുകോട് പോസ്റ്റ്
വല്ലപ്പുഴ, പട്ടാമ്പി
പാലക്കാട് - 679336

നമ്പർ:എ6/5254/2022

ജില്ലാ മെഡിക്കൽ ഓഫീസ് (ആ),
പാലക്കാട്, പിൻകോഡ്:678 001
ഫോൺ നമ്പർ: 0491 2505264
palakkaddmo@gmail.com
aadmohpkd@gmail.com
തീയതി: 01.08.2022.

## *കാരണംകാണിക്കൽ നോട്ടീസ്*

വിഷയം: ആരോഗ്യവകുപ്പ്- ജീവനക്കാര്യം -ശ്രീ. നബീൽ. ടി, നേഴ്സിംഗ് ഓഫീസർ, താലൂക്ക് ആസ്ഥാന ആശുപത്രി, പട്ടാമ്പി- അനധികൃതമായി ഹാജരാകാതിരിക്കൽ അച്ചടക്കനടപടി - സംബന്ധിച്ച്.

സൂചന: പട്ടാമ്പി താലൂക്ക് ആസ്ഥാന ആശുപത്രി സൂപ്രണ്ടിന്റെ 07.07.2022 തീയതിയിലെ കത്ത് നം. 1996/2021.

...........

ശ്രീ. നബീൽ. ടി, നേഴ്സിംഗ് ഓഫീസർ ആയി പട്ടാമ്പി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ 09.08.2021 ന് ജോലിയിൽ പ്രവേശിച്ച താങ്കൾ 21.12.2021 മുതൽ അനധികൃതമായി ഹാജരാകാതിരിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രൊബേഷണറായ താങ്കൾ പ്രൊബേഷൻ കാലാവധിക്കുള്ളിൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്നതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനും സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനും താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു. ഈ തീരുമാനത്തിനെതിരെ താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് ലഭിച്ച് 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്. തൽസംബന്ധമായ പ്രതിവാദ പത്രികയോ, വിശദീകരണമോ, താങ്കളിൽ നിന്നും ടി കാലയളവിനുള്ളിൽ ലഭിക്കാത്ത പക്ഷം താങ്കൾക്ക് ഈ കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

ഡോ. റീത്ത. കെ. പി
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
പാലക്കാട്.

സ്വീകർത്താവ്:

ശ്രീ. നബീൽ. ടി,
തിയാട്ടിൽ,
ചെറുകോട് പോസ്റ്റ്,
വല്ലപ്പുഴ, പട്ടാമ്പി,
പാലക്കാട്-679336. (രജിസ്ട്രേഡ് കൈപ്പറ്റ് രസീതി സഹിതം)

പകർപ്പ്:

1. സൂപ്രണ്ട്, താലൂക്ക് ആസ്ഥാന ആശുപത്രി, പട്ടാമ്പി.
2. എ5 സെക്ഷൻ
3. ഫയൽ/കരുതൽ ഫയൽ.

എഎ. 22.08.22